"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E7-7648/2022/PrHQ ; തീയതി : 20-09-2022

26/08/2022 തീയതിയിലെ നം.25/എ.ആർ13(2)/2022/ഉഭപവ നമ്പർ കത്തിന്റെയും, 22/03/2022 തീയതിയിലെ നം.25/എ.ആർ13(2)/2022/ഉഭപവ നമ്പർ സർക്കുലറിന്റെയും പകർപ്പുകൾ അറിവിലേക്കും തുടർ നടപടികൾക്കുമായി ഇതോടോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഷിബു ആർ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും / ജയിൽ ആസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും**

E7-7648/2022/PrHQ

4bea45

കേരള സർക്കാർ

നം.25/ എ.ആർ13(2)/2022/ ഉഭപവ.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(എ.ആർ 13) വകുപ്പ്,
തിരുവനന്തപുരം, തീയതി : 26.08.2022

പ്രേഷകൻ

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

എല്ലാ വകുപ്പുമേധാവികൾക്കും/ജില്ലാ കലക്ടർമാർക്കും

സർ,

വിഷയം :- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ അപേക്ഷ ഫോറങ്ങളിൽ രേഖപ്പെടുത്തുന്ന "താഴ്മ യായി അപേക്ഷിക്കുന്നു" എന്ന പദം പൂർണ്ണമായും ഒഴിവാക്കണമെന്നത് സംബന്ധിച്ച്

സൂചന :- 22.03.2022 ലെ 25/ എ.ആർ 13(2)/ 2022/ ഉഭപവ നം സർക്കുലർ

സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കുന്ന അപേക്ഷകളിലും അപേക്ഷ ഫോറങ്ങളിലും രേഖപ്പെടുത്തുന്ന "താഴ്മ യായി അപേക്ഷിക്കുന്നു" എന്ന പദം പൂർണ്ണമായും ഒഴിവാക്കണമെന്ന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

സീമ എസ്
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

2/2

കേരള സർക്കാർ

നം.25/ എ.ആർ13(2)/ 2022/ ഉഭപവ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(എ.ആർ 13) വകുപ്പ്,
തിരുവനന്തപുരം, തീയതി.22.03.2022

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ അപേക്ഷാ ഫോറങ്ങളിൽ രേഖപ്പെടുത്തുന്ന 'താഴ്മ യായി അപേക്ഷിക്കുന്നു' എന്ന പദം പൂർണ്ണമായും ഒഴിവാക്കണമെന്നത് സംബന്ധിച്ച്

സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും, വിവിധ ആവശ്യങ്ങൾക്കായി സമർപ്പിക്കേണ്ട അപേക്ഷ ഫോറങ്ങളിൽ "താഴ്മ യായി അപേക്ഷിക്കുന്നു" എന്ന പദം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ഒഴിവാക്കി പകരം "അപേക്ഷിക്കുന്നു/അഭ്യർത്ഥിക്കുന്നു" എന്ന് ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ വകുപ്പുതലവൻമാർക്കും നിർദ്ദേശം നൽകുന്നു.

സീമ. എസ്
ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്കും മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും/ ജില്ലാകളക്ടർമാർക്കും/ഓഫീസ് തലവൻമാർക്കും
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Dipi
സെക്ഷൻ ഓഫീസർ